"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ല - ചിറ്റാരിപ്പറമ്പ ഗ്രാമപഞ്ചായത്തിൽ ക്രിമറ്റോറിയം നിർമ്മിക്കുന്നതിനെതിരെ ശ്രീമതി താഹിറ സി.കെ യും മറ്റുള്ളവരും സമർപ്പിച്ച **W.P(C) No.43109/2023** നമ്പർ കേസിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 03.11.2025 -ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt)No.942/2026/LSGD തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം:-

1. ബഹു.ഹൈക്കോടതിയുടെ WP(C)No.38232/2017 ന്മേലുള്ള 18/03/2019 ലെ അന്തിമ വിധിന്യായം.
2. കണ്ണൂർ ജില്ല കളക്ടറുടെ 04/11/2022 തീയതിയിലെ DCKNR/10353/2021/D2 നമ്പർ നടപടിക്രമം
3. ശ്രീ വിനോദ് ഉൾപ്പെടെ 6 പേർക്കുവേണ്ടി തദ്ദേശ സ്വയംഭരണ സെക്രട്ടറി മുമ്പാകെ വക്കീൽ സമർപ്പിച്ച 12/12/2023 ലെ അപ്പീൽ അപേക്ഷ (Expt P10)
4. ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.43109/2023 ന്മേലുള്ള 03.11.2025 ലെ വിധിന്യായം
5. ശ്രീ ഫിറോസ് വിധിന്യായം ഉള്ളടക്കം ചെയ്തു കൊണ്ട്സമർപ്പിച്ച 31.12.25 ലെ അപേക്ഷ
6. കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയറുടെ 6/2/2026 ലെ PCB/KNR/DO/COMP/3391/TLY/2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ ചിറ്റാരിപ്പറമ്പ ഗ്രാമപഞ്ചായത്തിലെ മാനന്തേരി വില്ലേജിൽ ചിറ്റാരിപ്പറമ്പ് ദേശത്ത് പൂവത്തിൻ കീഴ് എന്ന സ്ഥലത്ത് റീ സർവ്വേ നമ്പർ 87/129 ൽപ്പെട്ട 33.18 ആർ സ്ഥലത്ത് സർക്കാരിന്റെ Seven Point programme - ന്റെ ഭാഗമായി ചിറ്റാരിപ്പറമ്പ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ശ്മശാനത്തിൽ പരമ്പരാഗത രീതിയിൽ വിറകും ചിരട്ടയും ഉപയോഗിച്ച് ശവസംസ്കാരം നടത്തി വന്നിരുന്നു. പ്രസ്തുത ശ്മശാനത്തിൽ നിന്നും ഉയരുന്ന പുകയും മണവും പരിസരവാസികൾക്ക് ബുദ്ധിമുട്ടായതിനെ തുടർന്ന് ജില്ലാ കളക്ടറുടെ അനുമതിയില്ലാതെയാണ് ടി ശ്മശാനം പ്രവർത്തിക്കുന്നതെന്ന് പരാതി ഉന്നയിച്ച് ശ്മശാനത്തിന്റെ പ്രവർത്തനം നിർത്തി വെയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരിസരവാസികളായ ശ്രീ വിനോദ്

ഉൾപ്പെടെ 14 പേർ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) No. 38232/2017 കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി കേസ് പരിഗണിക്കുകയും പൊതുതാൽപര്യവും, പരിസര മലിനീകരണവും കണക്കിലെടുത്ത് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ പ്രസ്തുത ഉത്തരവ് സഹിതം ഹർജിക്കാർ ജില്ലാ കളക്ടർ മുമ്പാകെ നിവേദനം സമർപ്പിക്കേണ്ടതാണെന്നും, പഞ്ചായത്തിനെ ഉൾപ്പെടെ നേരിൽ കേൾക്കേണ്ടതാണെന്നും ഹിയറിംഗ് വേളയിൽ പഞ്ചായത്ത് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതുമാണെന്നും, ആവശ്യമായ അന്വേഷണങ്ങൾ നടത്തി ജില്ലാ കളക്ടർക്ക് തീരുമാനമെടുക്കാവുന്നതാണെന്നും ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. കൂടാതെ പരിസര മലിനീകരണം കുറയ്ക്കുന്നതിനായി പ്രസ്തുത ഹർജിയിലെ മറ്റൊരു ആവശ്യമായ വൈദ്യുതി/ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനുള്ള സാധ്യത കൂടി ഭാവിയിൽ പഞ്ചായത്ത് പരിശോധിക്കേണ്ടതാണെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ശ്മശാനത്തിൽ ശവം ദഹിപ്പിക്കുന്നതും അടക്കം ചെയ്യുന്നതും നിർത്തി വെച്ചുകൊണ്ടു പരിസര നിവാസികൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനു നിർദ്ദേശിച്ചുകൊണ്ടും 04.11.2019 ലെ DCKNR/270/2018 നമ്പർ നടപടിക്രമം പ്രകാരം ജില്ലാ കളക്ടർ ഉത്തരവ് നൽകിയിരുന്നു.

2 ) തുടർന്ന് ആധുനിക രീതിയിലുള്ള വാതക ശ്മശാനം നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി 27.10.2021 ലെ 201/2021പ്രകാരം തീരുമാനമെടുത്തു. ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പരിസരവാസികളുടെ ആശങ്ക ദൂരീകരിച്ച് കൊണ്ട് മേൽ സ്ഥലത്ത് ആധുനിക രീതിയിലുള്ള വാതക ശ്മശാനം നിർമ്മിക്കുന്നതിനായി ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ നിരാക്ഷേപപത്രം, നിർദ്ദിഷ്ട ശ്മശാനത്തിന്റെ 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന വീടുകളോ മറ്റ് കെട്ടിടങ്ങളോ സ്ഥിതിചെയ്യുന്നില്ലെന്നും സാധാരണ ജനജീവിതം തടസ്സപ്പെടാത്ത വിധത്തിലുള്ളതുമാണെന്നുമുള്ള തഹസിൽദാരുടെ റിപ്പോർട്ട്, കണ്ണൂർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട സ്ഥലത്ത് ആധുനിക രീതിയിലുള്ള വാതക ശ്മശാനം നിർമ്മിക്കുന്നതിന് പരാമർശം (2) ലെ നടപടിക്രമം പ്രകാരം ജില്ലാ കളക്ടർ നിബന്ധനകളോടെ പ്രവർത്തനാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

3) ജില്ലാ കളക്ടറുടെ പരാമർശം (2) ലെ ഉത്തരവിനെതിരെ **ശ്രീമതി താഹിറ സി.കെയും മറ്റുള്ളവരും W.P(C) No.43109/2023** നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (4) പ്രകാരമുള്ള വിധിന്യായപ്രകാരം ഹർജിക്കാരെയും എതിർകക്ഷികളെയും നേരിൽ കേട്ട് രണ്ട് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഹൈക്കോടതി നിർദ്ദേശിച്ചു. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

*" The 4$^{th}$ respondent is directed to consider **Ext.P10** and pass appropriate orders in it, after giving an opportunity of hearing to the petitioners and other affected parties, if any, as expeditiously as possible, at any rate, within two months from the date of receipt of a certified copy of this order. "*

4) മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരെയും എതിർകക്ഷികളെയും തദ്ദേശ സ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി 30/01/2026 ന് നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചു.

ഹർജിക്കാരിലൊരാളായ താഹിറയ്ക്കുവേണ്ടി ശ്രീ അബൂബക്കർ, ഫിറോസ്, പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എന്നിവർ നേരിട്ടും സ്റ്റേഷൻ ഹൗസ് ഓഫീസർ, കളക്ടറുടെ പ്രതിനിധി എന്നിവർ ഓൺലൈനായും ഹിയറിംഗിൽ പങ്കെടുത്തു. ശ്രീ. വിനോദ് പി.കെ വിവരങ്ങൾ ഫോൺ മുഖേന അറിയിച്ചു. ഹർജിക്കാരിലൊരാളായ ശ്രീ അബ്ബാസ് മരണപ്പെട്ടതായി ശ്രീ. ഫിറോസ് അറിയിക്കുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ പങ്കെടുക്കുവാൻ കഴിയാത്തവർക്ക് 06.02.2026 ന് ഓൺലൈനായി വീണ്ടും ഹിയറിങ് നടത്തി. ഹഫ്സത്തിന് വേണ്ടി ടിയാളുടെ ഭർത്താവ് ബഷീർ, അബ്ദുറഹ്മാൻ, ജില്ലാ മെഡിക്കൽ ഓഫീസർ, പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധി എന്നിവർ പങ്കെടുത്തു.

5) ഹർജിക്കാർ ഹിയറിംഗിൽ ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) സ്റ്റേറ്റ് ഹൈവേയ്ക്കടുത്ത് റസിഡൻഷ്യൽ ഏരിയയിലാണ് നിർദ്ദിഷ്ട ശ്മശാനമെന്നും, ആയതിന് അനുമതി വാങ്ങിയിട്ടില്ലെന്നും, ടി ശ്മശാനവുമായി ബന്ധപ്പെട്ട നോട്ടീസ് ദേശാഭിമാനി പത്രത്തിൽ മാത്രമാണ് പരസ്യം നൽകിയതെന്നും, ടി ശ്മശാനം വരുന്നതിൽ എതിർപ്പുണ്ടെന്നും തങ്ങളുടെ പ്രശ്നങ്ങൾ കൂടി പരിഗണിച്ച് ശ്മശാനം പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി റദ്ദാക്കണമെന്നും ശ്രീ വിനോദ് പി.കെ അഭ്യർത്ഥിച്ചു. താഹിറയ്ക്കുവേണ്ടി അബൂബക്കറും കാര്യങ്ങൾ അറിയിക്കുകയുണ്ടായി. പ്രസ്തുത ശ്മശാനത്തിന് ഏറ്റവും അടുത്തുള്ളത് തങ്ങളുടെ വീടാണെന്നും, തങ്ങളുടെ സമ്മതപത്രം വാങ്ങിയിട്ടില്ലെന്നും, പഞ്ചായത്തിലെ തന്നെ ജനവാസം കുറവായ മറ്റ് സ്ഥലങ്ങൾ ഉണ്ടെന്നും, ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ അത്തരം സ്ഥലങ്ങളിൽ ശ്മശാനം നിർമ്മിക്കണമെന്നും, ഒച്ചയും ബഹളവും കേട്ട് കുട്ടികൾ ഉൾപ്പെടെ പേടിക്കുകയും, മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥയാണെന്നും, തങ്ങളുടെ പരാതികൾ പരിഗണിച്ച് ശ്മശാനം പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി റദ്ദാക്കണമെന്നും അറിയിച്ചു. ഫിറോസും ഇതേ വാദങ്ങൾ തന്നെ ഉന്നയിച്ചു. ശ്രീ അബ്ദുറഹ്മാന്റെ വീടിനടുത്താണ് പ്രസ്തുത ശ്മശാനമെന്നും, തങ്ങളുടെ സ്ഥലത്തിന് വില ലഭ്യമാകാത്തതിനാൽ വിൽപ്പന നടത്താൻ കഴിയുന്നില്ലെന്നും, രാത്രി സമയങ്ങളിൽ ടി സ്ഥലത്ത് നിന്ന് ഒച്ചയും ബഹളവും കേട്ട് കുട്ടികൾ പേടിക്കുകയും തങ്ങൾക്ക് അവിടെ ജീവിക്കാൻ കഴിയുന്നില്ലെന്നും 3 കി.മി ദൂരത്തിൽ വേറെ ശ്മശാനമുള്ളതാണെന്നും അറിയിച്ചു. ഹഫ്സത്തിന്റെ വീടിനടുത്താണ് പ്രസ്തുത ശ്മശാനമെന്നും മറ്റ് 30 ഓളം വീടുകൾ ചുറ്റിലുമുള്ളതായും, ടി ശ്മശാനം മാറ്റി സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങാൻ സഹായിക്കാമെന്നും പറഞ്ഞുവെന്നും ബഷീർ ഹിയറിംഗിൽ അറിയിച്ചു.

(ii) പരാമർശം (1) പ്രകാരമുള്ള WP(C) 38237/17 ലെ 18/03/2019 ലെ അന്തിമ വിധിന്യായത്തിൽ വൈദ്യുതി/വാതക ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദേശമുണ്ടായിരുന്നുവെന്നും ജില്ലാ മെഡിക്കൽ ഓഫീസർ, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവരുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിലാണ് കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചതെന്നും കളക്ടറുടെ പ്രതിനിധി അറിയിച്ചു.

(iii) 1982 -ൽ സർക്കാരിന്റെ 7 ഇന പരിപാടിയിലുൾപ്പെടുത്തിയാണ് ശ്മശാനഭൂമി ഏറ്റെടുത്തതെന്നും 05.12.2019 വരെ 289 ക്രിമേഷൻനടന്നിരുന്നതായും WP(C) 38237/17 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്മശാനത്തിന്റെ പ്രവർത്തനം കളക്ടർ സ്റ്റേ ചെയ്തതായും നിർദ്ദിഷ്ട സ്ഥലത്ത് ജനവാസത്തെ ബാധിക്കാത്തരീതിയിൽ ആധുനീക രീതിയിലുള്ള വാതക

ശ്മശാനം നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ അനുമതി നൽകിയിരുന്നതായും, 2018-19 ലെ MLA ഫണ്ടിൽ നിന്നും തുക നിർമ്മാണത്തിനായി ചെലവഴിച്ചിരുന്നുവെന്നും ചിറ്റാരിപ്പറമ്പ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

(iv) തലശ്ശേരി താലൂക്കിലാണ് നിർദ്ദിഷ്ട ശ്മശാനഭൂമിയെന്നും 1982-ലാണിവിടെ ശ്മശാനഭൂമി ഏറ്റെടുത്തതെന്നും പരാതിക്കാരുടെ വീടുകൾ 20 വർഷത്തിന് ശേഷം വന്നതാണെന്നും, പരാതിക്കാരുടെ വീട് റോഡ് സൈഡിലാണെന്നും, സ്ഥലവാസികൾക്ക് മറ്റ് ബുദ്ധിമുട്ടുകളുണ്ടാക്കുന്നതായി കാണുന്നില്ലെന്നും കണ്ണവം പോലീസ് സ്റ്റേഷൻ സ്റ്റേഷൻ ഹൗസ് ഓഫീസർ അറിയിച്ചു.

(v) 9.11.21 ലാണ് ടെക്നിക്കൽ അസിസ്റ്റന്റ് സ്ഥലപരിശോധന നടത്തിയത്, ഉയർന്ന സ്ഥലമാണ്, ജനവാസം കുറഞ്ഞ സ്ഥലമാണ്, NOC ചട്ടങ്ങൾ പാലിക്കുന്നു, 50m ചുറ്റളവിൽ ജലസ്രോതസ്/വീട് ഇല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നീ വസ്തുതകൾ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(vi) ഹിയറിംഗ് വേളയിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധി റിപ്പോർട്ട് പുനഃസമർപ്പിക്കുകയും ; പ്രസ്തുത റിപ്പോർട്ട് പ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയായ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ സ്ഥാപനാനുമതിക്കായുള്ള അപേക്ഷ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ ലഭിക്കുന്നത് 17.10.2020 തീയതിയിലാണെന്നും, ബോർഡിന്റെ കാറ്റഗറി ലിസ്റ്റ് പ്രകാരം Burial Ground, എല്ലാ തരത്തിലും ഉള്ള ക്രിമറ്റോറിയങ്ങൾ എന്നിവ ഓറഞ്ച് കാറ്റഗറിയിലാണ് ഉൾപ്പെടുന്നതെന്നും, ബോർഡിൽ നിഷ്കർഷിച്ചിട്ടുള്ള ദൂരപരിധി അനുസരിച്ച് ഓറഞ്ച് കാറ്റഗറിയിലുൾപ്പെടുന്ന ഗ്യാസ് ക്രിമറ്റോറിയത്തിന്റെ 10m ൽ വീടുകളോ 15m ൽ പൊതുസ്ഥാപനങ്ങളോ പാടില്ലായെന്നതാണ് നിബന്ധനയെന്നും, അപേക്ഷയോടൊപ്പം സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരം ക്രിമറ്റോറിയത്തിൽ നിന്നും ഏറ്റവും അടുത്ത വീട് 53.69 മീറ്റർ ആണെന്നും 100 മീറ്റർ ദൂരപരിധിയിൽ പൊതു സ്ഥാപനങ്ങളും ഉണ്ടായിരുന്നില്ലായെന്നും കോവിഡ് കാലഘട്ടമായതിനാൽ സ്ഥല പരിശോധന നടത്താതെ അപേക്ഷകൻ സമർപ്പിച്ച രേഖകളുടെ (സൈറ്റ് പ്ലാൻ, സത്യവാങ്മൂലം) അടിസ്ഥാനത്തിലാണ് സ്ഥാപനാനുമതി നൽകിയിരിക്കുന്നതെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധി അറിയിച്ചു. കൂടാതെ സൈറ്റ് പ്ലാൻ പ്രകാരം ഏറ്റവും അടുത്ത വീടുകളിലേക്ക് കുറഞ്ഞത് 25 മീറ്റർ ദൂരവും, പൊതു സ്ഥാപനങ്ങളിലേക്ക് 50 മീറ്റർ ദൂരപരിധിയും പ്രസ്തുത ക്രിമറ്റോറിയം പാലിക്കുന്നുണ്ടെന്ന് കാണുന്നു. മാത്രമല്ല പര്യാപ്തമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളായ 30 മീറ്റർ Height Chimney, venturey scrubber, Cyclone Separator, ചാരം സംസ്കരിക്കുന്നതിന് ആഷ്പിറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തണമെന്ന നിബന്ധനകളോടു കൂടിയാണ് ബോർഡ് സ്ഥാപനാനുമതി നൽകിയിട്ടുള്ളത്. ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പ്രവർത്തനാനുമതിക്കായുള്ള അപേക്ഷ നിലവിൽ ബോർഡിൽ ലഭിച്ചിട്ടില്ലായെന്നും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി ഫോണിൽ സംസാരിച്ചപ്പോൾ ക്രിമറ്റോറിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ കഴിഞ്ഞിട്ടില്ലെന്നും, നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനാനുമതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നതാണെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധി അറിയിക്കുകയുണ്ടായി.

6) ബഹു.ഹൈക്കോടതിയുടെ പരാമർശം (4) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിട്ടും ഓൺലൈൻ മുഖേനയും ഹിയറിങ് നടത്തിയതിന്റെയും ടി വിഷയവുമായി ബന്ധപ്പെട്ട പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ചുവടെ ചേർക്കുന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്.

i) 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ ) -ചട്ടങ്ങൾ / മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്

ii) ക്രിമറ്റോറിയത്തിന്റെ അടുത്ത വീട് 53.6 മീറ്ററിലാണ് എന്നതിനാൽ മാലിന്യപ്രശ്നമില്ല .

iii) ഡിഎംഒ യുടെ NOC ചട്ടങ്ങൾ പാലിച്ചിട്ടുണ്ട് ; 50m ചുറ്റളവിൽ ജലസ്രോതസ്/വീട് ഇല്ല.

iV) 2012 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ഭേദഗതി ചട്ടങ്ങളിലെ 2(ii) പ്രകാരം, 5-ാം ചട്ടത്തിന്റെ 1-ാം ഉപചട്ടത്തിന് കീഴിലുള്ള ക്ലിപ്ത നിബന്ധനയിൽ പെട്രോളിയം ഗ്യാസ് കൊണ്ട് പ്രവർത്തിയ്ക്കുന്ന ക്രിമറ്റോറിയങ്ങളുടെയും സംഗതിയിൽ ഉള്ള ജനവാസഗൃഹങ്ങളിൽ നിന്നുള്ള അകലമായ 25 m ദൂരപരിധി പാലിക്കുന്നുണ്ട്.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹർജിക്കാർ ഹിയറിംഗിൽ അറിയിച്ച വസ്തുതകൾ കണക്കിലെടുത്തും, ഉദ്യോഗസ്ഥർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, 2012 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ഭേദഗതി ചട്ടങ്ങളിലെ 2(ii) പ്രകാരം, 5-ാം ചട്ടത്തിന്റെ 1-ാം ഉപചട്ടത്തിന് കീഴിലുള്ള ക്ലിപ്ത നിബന്ധനയിൽ പെട്രോളിയം ഗ്യാസ് കൊണ്ട് പ്രവർത്തിയ്ക്കുന്ന ക്രിമറ്റോറിയങ്ങളുടെയും സംഗതിയിൽ ജനവാസഗൃഹങ്ങളിൽ നിന്നുള്ള അകലമായ 25 m ദൂരപരിധി നിർദ്ദിഷ്ട ശ്മശാന നിർമ്മാണത്തിന് പാലിക്കപ്പെടുന്നതിനാലും, ടി ശ്മശാനത്തിൽ നിന്നുള്ള അടുത്ത വീട് 53.6 കിലോമീറ്റർ ദൂരപരിധിയിൽ സ്ഥിതി ചെയ്യുന്നതിനാൽ മാലിന്യപ്രശ്നമില്ലാത്തതിനാലും, നിർദ്ദിഷ്ട ശ്മശാനത്തിന്റെ 50m ചുറ്റളവിൽ ജലസ്രോതസ്സ് ഇല്ലാത്തതിനാലും, കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ ചിറ്റാരിപ്പറമ്പ ഗ്രാമപഞ്ചായത്തിലെ മാനന്തേരി വില്ലേജിൽ ചിറ്റാരിപ്പറമ്പ് ദേശത്ത് പൂവത്തിൻ കീഴ് എന്ന സ്ഥലത്ത് റീ സർവ്വേ നമ്പർ 87/129 ൽപ്പെട്ട 33.19 ആർ സ്ഥലത്ത് നിർമ്മിക്കുന്ന ഗ്യാസ് ക്രിമറ്റോറിയത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനാനുമതി ലഭ്യമാക്കിയിരിയ്ക്കണമെന്ന വ്യവസ്ഥയിലും, പ്രസ്തുത നിർമ്മാണത്തിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി പത്രത്തിലെ വ്യവസ്ഥകൾ പാലിച്ചിരിയ്ക്കണമെന്ന വ്യവസ്ഥയിലും, നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിബന്ധനകൾ കർശനമായി പാലിച്ച് കൊണ്ട് പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ബഹു. ഹൈക്കോടതിയുടെ 03.11.2025 ലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

2. ശ്രീമതി താഹിറ സി.കെ, W/O അബൂബക്കർ, താഹിറാസ്, ചിറ്റാരിപറമ്പ
പ്രശാന്തം റോഡ്, മാനന്തേരി, കണ്ണൂർ, കേരള , പിൻ -670650
3. ശ്രീ ഫിറോസ് സി.കെ, S/O അബ്ബാസ്, നസ്രത്ത് മൻസിൽ, പൂവത്തിൻകീഴിൽ പി.ഒ, ചിറ്റാരിപറമ്പ, തലശ്ശേരി താലൂക്ക്, പിൻ-670650
4. ശ്രീ അബ്ദു റഹിമാൻ സി.പി, S/O മൂസ ഹാജി, ഷിയാസ് മഹൽ,
പൂവത്തിൻകീഴിൽ പി.ഒ, ചിറ്റാരിപറമ്പ, മാനന്തേരി , കണ്ണൂർ , കേരള
പിൻ -670650
5 ശ്രീ സി.പി ഹഫ്സത്ത്, W/O ബഷീർ കെ.കെ, റാസിം മഹൽ
പൂവത്തിൻകീഴിൽ പി.ഒ, ചിറ്റാരിപറമ്പ, മാനന്തേരി , കണ്ണൂർ , കേരള
പിൻ -670650
6. ശ്രീ വിനോദ് പി.കെ, S/O ബാലൻ നമ്പ്യാർ, സുകൃതം, പൂവത്തിൻകീഴിൽ പി.ഒ , ചിറ്റാരിപറമ്പ, തലശ്ശേരി താലൂക്ക്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
8 ജില്ലാ പോലീസ് മേധാവി
കണ്ണൂർ
9. സെക്രട്ടറി, ചിറ്റാരിപറമ്പ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല
10. ജില്ലാ മെഡിക്കൽ ഓഫീസർ, കണ്ണൂർ
11. എൺവയോൺമെന്റൽ എഞ്ചിനീയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ്
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
13. ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർ ഡി
16. കരുതൽ ഫയൽ (ഡി.ബി3/536/2023/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 02-05-2026 12:54:01